(എൽ) ഉണ്ടായെകിൽ മുൻഉത്തരവ് ഭേദപ്പെടുത്തി ഇങ്ങിനെ ഉത്തരവ് പുറപ്പെടുവിക്കുവാൻ പ്രേരകമായ കാരണങ്ങൾ എന്തു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉവ്വ്.

(ബി) ആഗസ്റ്റ് 14-ാംനു പ്രിൻസിപ്പാൾ പുറപ്പെടുവിച്ച ഒരു ഓർഡർപ്രകാരം.

(c) "The unfortunate incidents that occurred on the night of Thursday (14th August 1947) are under investigation by the Police. Pending their result, the two students M. I. Joseph, Class IV Gr-iv-B and T. P. Paul, Class IV Gr-iv-B are suspended from the College until further orders".

ഇതാണ നോട്ടീസ്സിൽ കാരണം പറഞ്ഞിരിക്കുന്നതു്.

(ഡി) ഉവ്വ്.

(ഇ) ഈ ഹർജി പഴ്യാലോചിച്ചതായി കോളേജ് കൌൺസിൽപ്രൊസീഡിങ്ങ്സ്കൊണ്ടു കാണുന്നില്ല.

(എഫ്) ഉത്തരം ആവശ്യമില്ല.

(ജി) ഉത്തരം ആവശ്യമില്ല.

(എച്ച്) ഉത്തരം ആവശ്യമില്ല.

(ഐ) സെപ്തമ്പർ 15-ാംനു.

(ജെ) ഇല്ല.

(കെ) ഇല്ല.

(എൽ) ഉത്തരം ആവശ്യമില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I make a suggestion, Sir, that questions Nos. 3, 4, 5, 6, 8 and 9 may be clubbed together?

Mr. P. Govinda Menon *(Prime Minister):* It may be so done, Sir.

POWERS OF THE GOVERNMENT IN THE COLLEGE MATTERS

4. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) മഹാരാജാസ് കോളേജിലെ വിദ്യാർത്ഥികളുടെ അച്ചടക്കം, ഭരണം, മുതലായ കാര്യങ്ങൾക്കു പരമാധികാരം പ്രിൻസിപ്പാളിനും കോളേജ്സ്റ്റാഫ് കൌൺസിലിനും മാണൊ ;

(ബി) ഗവൺമെണ്ടു് അവരുടെ തീരുമാനങ്ങളിൽ ഇടപെടാറുണ്ടൊ ;

(സി) കോളേജ് അധികാരികളുടെ തീരുമാനങ്ങൾ അവർ ഗവൺമെണ്ടു് അനുമതി വാങ്ങിയാണൊ നടപ്പിൽ വരുത്തുന്നതു്.

(ഡി) മഹാരാജാസ് കോളേജിൽ ഫൻ ർ ൭ ആഗസ്റ്റ് ഫർ-ം ഫൻ-ം തിയ്യതികളിലുണ്ടായ സംഭവങ്ങൾക്കു ഏതാനുംപേരെ കോളേജിൽനിന്നും പുറത്താക്കിയതും സസ്പെണ്ടു് ചെയ്തതും സംബന്ധിച്ചു് ഗവൺമെണ്ടിന്റെ അംഗീകരണം നേടുക എന്ന രീതി കോളേജ് അധികാരികൾ സ്വീകരിച്ചിരുന്നൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) കോളേജ് വിദ്യാർത്ഥികളുടെ അച്ചടക്കം പ്രിൻസിപ്പാളിന്റെ ചുമതലയിൽപ്പെട്ട ഒരു കാര്യമാണു്.

(ബി) കോളേജിന്റെ അകത്തു വിദ്യാർത്ഥികളുടെ അച്ചടക്കം സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഗവൺമെണ്ടു് സാധാരണ ഇടപെടാറില്ല.

(സി) ഗവൺമെണ്ടു അനുമതിവാങ്ങി നടപ്പിൽ വരുത്തേണ്ട തീരുമാനങ്ങൾ അങ്ങിനെവാങ്ങിയും അല്ലാത്തതു് അങ്ങനെ വാങ്ങാതേയും നടപ്പിൽ വരുത്തും.

(ഡി) ഇല്ല.

DISTURBANCES IN THE MAHARAJA'S COLLEGE—ACTION REGARDING

5. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് മറുപടി പറയുമൊ.—

(എ) മഹാരാജസ് കോളേജിൽ ഒരു പ്രൊഫസറെ ഏതാനുംവിദ്യാർത്ഥികൾ കയ്യേറ്റം ചെയ്കയും പ്രിൻസിപ്പാളിനെ കയ്യേറ്റം ചെയ്വാൻ മുതിരുകയും കോളേജു ലാബറേ

LIBRARY ARCHIVES Kerala Legislative Assembly

റഠറിയിലെ കഠറെ സാമാനങ്ങൾം തല്ലി ഉടക്കുകയും ചെയ്യുവെന്നു് "മലബാർമെയിൽ, ദീന ബന്ധു" എന്നീപത്രങ്ങളിലുണ്ടായിരുന്ന റിപ്പോർട്ടുകൾം ശവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയെപ്പറ്റി ശവമ്മെണ്ടു് അന്വേഷിക്കുകയൊ പ്രിൻസിപ്പാളിൽ നിന്നും ഇതിനെപ്പറ്റി ശവമ്മെണ്ടിനു് റിപ്പോർട്ടു് കിട്ടുകയൊ ഉണ്ടായിട്ടുണ്ടോ;

(സി) ഈ സംഭവത്തെ സംബന്ധിച്ചു് കോളേജു് അധികാരികളൊ ശവമ്മെണ്ടോ വല്ല നടവടിയും നടത്തുകയൊ കഠറവാളികളെ ശിക്ഷിക്കുകയൊ ഉണ്ടായിട്ടുണ്ടോ;

(ഡി) ശിക്ഷിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടു്;

(ഇ) ശിക്ഷിച്ചെങ്കിൽ പിന്നീടു് ആ ശിക്ഷ റദ്ദായിപ്പോകുന്ന നടപടികൾം അംഗീകരിക്കാൻ ശവമ്മെണ്ടിനെ പ്രേരിപ്പിച്ച ഹേതു എന്തു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) ഉവ്വു്.

(ബി) പ്രിൻസിപ്പാൾ അന്നേദിവസത്തെ സംഭവങ്ങളെപ്പറ്റി റിപ്പോർട്ടു ചെയ്തിട്ടുണ്ടു്.

(സി) കോളേജു് പ്രിൻസിപ്പാൾ ഫ ഴ വിദ്യാർത്ഥികളെ എക്സ്പെൽ ചെയ്തു.

(സി) ഉത്തരം ആവശ്യമില്ല.

(ഇ) ശവമ്മെണ്ടു് അപ്രകാരം നടപടികൾം അംഗീകരിച്ചിട്ടില്ല.

6. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ശവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) കോളേജിൽനിന്നും പിരിച്ചുവിട്ട വിദ്യാർത്ഥികളെ തിരിച്ചെടുക്കുന്നതിനെ സംബന്ധിച്ചു സവ്വകലാശാല വൈസ്ചാൻസ്ലരുടെ അടുക്കൽ ശുപാർശ ചെയ്യുവാൻ ഇവിടത്തെ മദ്രാസ്സ്മെയിൽ പ്രതിനിധിയേയും ഒരു വക്കീലിനേയും സക്കാർ ചിലവിൽ മദ്രാസ്സിലേക്കു് അയച്ചുവെന്നായി "എക്സ്പ്രസ്സ്" പത്രത്തിലുണ്ടായിരുന്ന വാത്ത ശവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ ദൌത്യത്തിന്റെ ഫലമായി പുറത്താക്കിയവരെ സവ്വകലാശാല തിരിച്ചെടുക്കുവാൻ തീരുമാനിക്കയുണ്ടായൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) ഉവ്വു്, ആ വാത്ത നേരല്ല.

(ബി) ശവമ്മെണ്ടിന്റെ ദൌത്യം ആരും വഹിച്ചിട്ടില്ല. സവ്വകലാശാല എന്തു തീരുമാനിച്ചു എന്നു് അറിവില്ല.

ACTION REGARDING MAHARAJ'AS COLLEGE DISTURBANCES

8. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ശവമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) മഹാരാജാസ് കോളേജിൽനിന്നും ഫ ഴ വിദ്യാർത്ഥികളെ ബഹിഷ്കരിക്കുവാനുണ്ടായ കാരണമെന്തായിരുന്നു;

(ബി) ഈ ബഹിഷ്കരണ ഉത്തരവു് പ്രിൻസിപ്പാൾ പുറപ്പെടുവിക്കുന്നതിനുമുമ്പു് ശവമ്മെണ്ടിലേക്കു് ആ വിവരം റിപ്പോർട്ടുചെയ്തു് അനുമതി വാങ്ങിയിരുന്നൊ;

(സി) ശവമ്മെണ്ടു് അനുമതിയോടുകൂടിയാണൊ ഈ ബഹിഷ്കരണകാവ്യം സവ്വകലാശാല വൈസ്ചാൻസ്ലക്കു് പ്രിൻസിപ്പാൾ റിപ്പോർട്ടു ചെയ്തതു്;

(ഡി) പിന്നിട്ടു ഈ വിദ്യാർത്ഥികളെ തിരിച്ചെടുക്കണമെന്നായി പ്രിൻസിപ്പാൾ സവ്വകലാശാലാധികൃതന്മാർക്കു് ശുപാർശ ചെയ്തുകയുണ്ടായൊ;

(ഇ) വിദ്യാർത്ഥികൾ നിരപരാധികളായതുകൊണ്ടായിരിക്കയില്ലെ പ്രിൻസിപ്പാൾ അപ്രകാരം ശുപാർശ ചെയ്തതു്;

(എഫ്) ഈ നിലയിൽ പ്രവൃത്തിച്ചതിനു് പ്രിൻസിപ്പാളിന്റെ പേരിൽ വല്ല നടവടിയും ശവമ്മെണ്ടു എടുക്കുകയുണ്ടായൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) "For their active part in the recent disturbances in the College" എന്നാണു് അവരെ എക്സ്പെൽ ചെയ്ത ഓർഡറിൽ കാണുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly